# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1945 13.06.2019 ലെ മറുപടിക്ക്.

**മലപ്പുറം നോർക്ക റൂട്ട്സ് ഓഫീസിന്റെ ശോചനീയാവസ്ഥ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | മലപ്പുറം നോർക്ക റൂട്ട്സ് ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ആവശ്യത്തിന് ജീവനക്കാരില്ലാത്തതുമൂലം ഏറ്റവും കൂടുതൽ പ്രവാസികളുള്ള മലപ്പുറം ജില്ലയിലെ പ്രവാസി ഓഫീസ് വഴി കൃത്യമായി സേവനങ്ങൾ നൽകാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | മലപ്പുറം നോർക്ക റൂട്ട്സ് ഓഫീസിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച ജീവനക്കാരന്റെ സേവന കാലാവധി 09.05.2019 - ന് അവസാനിച്ചിരുന്നു. എന്നാൽ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടങ്ങൾ നിലനിന്നതിനാൽ പുതിയ നിയമനം നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായി. ആയതിനാൽ കോഴിക്കോട് മേഖലാ ഓഫീസിൽ നിന്നും മലപ്പുറം ജില്ലാ ഓഫീസിലേക്ക് ജീവനക്കാരെ നിയോഗിച്ച് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ സേവനം നൽകാൻ ശ്രമിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മലപ്പുറം ജില്ലാ ഓഫീസിലേക്ക് ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നോർക്ക ഓഫീസിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സത്വരനടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ